## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3035** **25-06-2024 - ൽ മറുപടിയ്ക്ക്**

## അരൂർ മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പൈപ്പുകൾ നിരന്തരം പൊട്ടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഏതെങ്കിലും ഒരു പ്രദേശത്ത് പൈപ്പ് പൊട്ടുമ്പോൾ മണ്ഡലത്തിന്റെ ബഹുഭൂരിഭാഗം പ്രദേശത്തേയ്ക്കുമുള്ള കുടിവെള്ള വിതരണം നിർത്തിവയ്ക്കുന്നത് ജനങ്ങളെ വലിയതരത്തിൽ ദുരിതത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ഉണ്ട്. മാക്കേക്കവലയിൽ സ്ഥിതിചെയ്യുന്ന ജലശുദ്ധീകരണശാലയിൽ നിന്നും പ്രധാന ജല വിതരണ കുഴലായ പമ്പിംഗ് മെയിനിലൂടെ ആണ് ജിക്ക പദ്ധതിയുടെ സോൺ - 3 ൽ ഉൾപ്പെട്ടിട്ടുള്ള അരൂർ മണ്ഡലത്തിൽ കുടിവെള്ളമെത്തിക്കുന്നത്. 800 എംഎം മുതൽ 450 എംഎം വരെ വ്യാസമുള്ള ഈ പമ്പിംഗ് മെയിനിലൂടെ ഉന്നതതല സംഭരണിയിൽ ശുദ്ധജലം ശേഖരിച്ചാണ് വിതരണം നടത്തുന്നത്. ടി പമ്പിംഗ് മെയിനുകളിൽ കേടുപാടുകൾ സംഭവിച്ചാൽ ഉന്നതതല സംഭരണിയിലേയ്ക്ക് ജലമെത്തിക്കാൻ മറ്റ് മാർഗ്ഗങ്ങൾ ഒന്നുംതന്നെ നിലവിലില്ല. അരൂർ മുതൽ തങ്കിക്കവല വരെയുള്ള 20 കി.മീ ഭാഗത്ത് പമ്പിംഗ് മെയിനുകളും പ്രധാന വിതരണ കുഴലുകളും ദേശീയപാതയുടെ ഇരുവശങ്ങളിലുമായി നിലവിലുണ്ട്. ദേശീയപാതയുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് ഭാരമുള്ള വാഹനങ്ങൾ റോഡിലൂടെ നിരന്തരമായി കടന്നുപോകുമ്പോൾ പൈപ്പുകളിലേയ്ക്ക് അമിത സമ്മർദ്ദം ഉണ്ടാകുന്നതാണ്. പൈപ്പുകൾ പൊട്ടുന്നതിന് കാരണമായിട്ടുള്ളത്. ആയത് അതീവ ശ്രദ്ധ ചെലുത്തി അടിയന്തിരമായി പരിഹരിച്ച് ജലവിതരണം പുന.സ്ഥാപിക്കുന്നുണ്ട്.<br><br>അരൂർ നിയോജക മണ്ഡലത്തിലേയ്ക്ക് വാൽവുകൾ ക്രമീകരിച്ച് ജലം ഉന്നതതല സംഭരണിയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി വാൽവുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. കൂടാതെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ദേശീയപാതയുടെ ഇരു വശങ്ങളിലുമായി സ്ഥാപിച്ചിരിക്കുന്ന ജലവിതരണ കുഴലുകളും വാൽവുകളും മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ആവുന്നതാണ്. |
| (സി) | 2023 ജനുവരി മുതൽ 2024 മെയ് മാസം വരെ അരൂർ മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ളത്തിനായുള്ള പ്രധാന പൈപ്പ് എത്ര തവണ പൊട്ടിയെന്നും പൊട്ടിയതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ; | (സി) | അരൂർ മണ്ഡലത്തിൽ നാഷണൽ ഹൈവെ വികസനവുമായി ബന്ധപ്പെട്ട് 21 തവണ പൈപ്പുകൾ പൊട്ടിയിട്ടുണ്ട്. നാഷണൽ ഹൈവെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അമിത ഭാരമുള്ള വാഹനങ്ങൾ റോഡിലൂടെ നിരന്തരമായി കടന്നുപോകുമ്പോൾ പൈപ്പുകളിലേയ്ക്ക് അമിത സമ്മർദ്ദം ഉണ്ടാകുന്നതാണ് പൈപ്പുകൾ പൊട്ടുന്നതിന് കാരണമായിട്ടുള്ളത്. |
| (ഡി) | മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നിലവിൽ കുടിവെള്ള ശേഖരണ ടാങ്ക് ഇല്ലാത്തതെന്നും പ്രസ്തുത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ഡി) | തുറവൂർ പഞ്ചായത്തിൽ നിലവിൽ കുടിവെള്ള ടാങ്ക് ഇല്ല. തുറവൂർ പഞ്ചായത്തിലേക്കുള്ള ജലസംഭരണിയുടെ പ്രൊപ്പോസൽ 13/07/2023- ൽ കൂടിയ 6 ആമത് SLSSC- യിൽ സമർപ്പിച്ചു എങ്കിലും ഈ പഞ്ചായത്തിൽ ഒറിജിനൽ ഭരണാനുമതി പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കിയതിനാൽ അനുമതി ലഭ്യമാക്കാനായിട്ടില്ല. |
| (ഇ) | തുറവൂർ പഞ്ചായത്തിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഇ) | തുറവൂർ പഞ്ചായത്തിൽ നിലവിൽ കുടിവെള്ള ടാങ്ക് ഇല്ല. തുറവൂർ പഞ്ചായത്തിലേക്കുള്ള ജലസംഭരണിയുടെ പ്രൊപ്പോസൽ 13/07/2023- ൽ കൂടിയ 6 ആമത് SLSSC- യിൽ സമർപ്പിച്ചു എങ്കിലും ഈ പഞ്ചായത്തിൽ ഒറിജിനൽ ഭരണാനുമതി പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കിയതിനാൽ അനുമതി ലഭ്യമാക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ